# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1972 — 05/10/2016 -ൽ മറുപടിക്ക്

## റാന്നി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

(എ) റാന്നി നിയോജകമണ്ഡലത്തിലെ കൊറ്റനാട് - അങ്ങാടി, കോട്ടാങ്ങൽ - ആനിക്കാട്, റാന്നി - ചെറുകോൽ, നിലയ്ക്കൽ - സീതത്തോട്, എഴുമറ്റൂർ എന്നീ പദ്ധതികൾക്ക് ഓരോന്നിനും എത്ര രൂപയുടെ പദ്ധതിയാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്; ഇതിൽ അംഗീകാരം ഏതൊക്കെ പദ്ധതികൾക്ക് ലഭിച്ചിട്ടുണ്ട്;

(എ) റാന്നി നിയോജക മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ തുക (ലക്ഷം) | ഭരണാനുമതി ഉണ്ടോ/ ഇല്ലയോ |
|---|---|---|
| റാന്നി-അങ്ങാടി-കൊറ്റനാട് | 1150.00 | ഉണ്ട് |
| മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ (ഭാഗീകം) | 798.00 | ഉണ്ട് |
| ചെറുകോൽ-നാരങ്ങാനം-റാന്നി (ഭാഗീകം) | 1940.00 | ഇല്ല |
| സീതത്തോട്-നിലയ്ക്കൽ | 909.00 | ഉണ്ട് |
| എഴുമറ്റൂർ | 591.00 | ഉണ്ട്; |

(ബി) സംസ്ഥാനതല സമിതി അംഗീകരിച്ച പദ്ധതികളിൽ ഇനി എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാലാണ് ടെണ്ടറിലേക്ക് എത്തിച്ചേരാനാകുക; ഏതൊക്കെ പദ്ധതികളാണ് ഇനി ഉടൻ തന്നെ ടെണ്ടർ ചെയ്യാനാവുക; ബാക്കിയുള്ളവയുടെ ടെണ്ടർ എന്നത്തേക്ക് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ?

(ബി) (1) <u>റാന്നി-അങ്ങാടി-കൊറ്റനാട് പദ്ധതി</u>

ഈ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻ-ടേക്ക് കിണർ, ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നീ ഘടകങ്ങളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജല ശുദ്ധീകരണശാല പണിയാൻ പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നല്കാത്തതിനാൽ പണികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഇൻവെസ്റ്റിഗേഷൻ ജോലികളും

സർവ്വേ ജോലികളും പൂർത്തീകരിച്ചു. ഒന്നാം ഘട്ടത്തിന്റെ പണികൾ ആരംഭിക്കാത്തതി നാൽ രണ്ടാം ഘട്ടത്തിന്റെ ഡി.ഇ.ആർ. തയ്യാറാക്കിയിട്ടില്ല.

(2) **മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ (ഭാഗീകം)**

മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 798 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻ-ടേക്ക് കിണർ, ജല ശുദ്ധീകരണശാല എന്നീ ഘടകങ്ങളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. ഇവയുടെ പണികൾ പുരോഗമി ക്കുന്നു. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ സർവ്വേ ജോലികൾ പൂർത്തി യാക്കി. ഡി.ഇ.ആർ. തയ്യാറാക്കി വരുന്നു. രണ്ടാം ഘട്ടത്തിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ മെയിനുകൾ, ജല സംഭരണികൾ, പമ്പ്സെറ്റുകൾ എന്നിവ യാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ വിതരണശൃംഖല മൂന്നാംഘട്ടമായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(3) **ചെറുകോൽ-നാരങ്ങാനം-റാന്നി (ഭാഗീകം)**

പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1940 ലക്ഷം രൂപയുടെ ഡി.ഇ.ആർ. തയ്യാ റാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസ രിച്ച് പദ്ധതി നടപ്പാക്കാൻ കഴിയുന്നതാണ്.

(4) **സീതത്തോട്-നിലയ്ക്കൽ**

സീതത്തോട് - നിലയ്ക്കൽ ശുദ്ധജല വിത രണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 909 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി യിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ജലശുദ്ധീ കരണശാല, ഇൻ-ടേക്ക് കിണർ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയുടെ ടെണ്ടർ നടപടികൾ പൂർത്തി യാക്കി. വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. പ്ലാപ്പള്ളി, നിലയ്ക്കൽ മേഖലകളിലേക്കുള്ള ജലസംഭരണികളും ക്ലിയർ വാട്ടർ മെയിനുകളും പമ്പ്സെറ്റുകളും ഉൾപ്പെടുത്തി ക്കൊണ്ടുള്ള രണ്ടാം ഘട്ടത്തിന്റെ ഡി.ഇ.ആർ തയ്യാറാക്കി വരുന്നു.

**(5) എഴുമറ്റൂർ**

എഴുമറ്റൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 591 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2.5 എം.എൽ.ഡി. ജല ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലസംഭരണി, എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളത്. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പൂർത്തിയാക്കി. ശേഷി കുറഞ്ഞ ജലശുദ്ധീകരണശാല ആയതിനാൽ രണ്ടു പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ജലശുദ്ധീകരണശാലയുടെ പണിയുടെ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. നിലവിൽ എഴുമറ്റൂർ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം എന്നീ പഞ്ചായത്തുകൾക്കുള്ള 77.40 കോടി രൂപ മതിപ്പു ചെലവുള്ള ബൃഹത്തായ കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉത്പാദക ഘടകങ്ങളുടെ തുക 37.4 കോടി രൂപ നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/